


# നല്ലിടയൻ

**ബ്ര. ജോബി തെക്കേടത്ത്** MCBS

യോഹ. 10:11-18 (Vol. 9, Issue 50)

സുമേറിയൻ രാജാക്കന്മാരുടെ പട്ടികയിൽ ഒരു രാജാവിനെ വിശേഷിപ്പിക്കുന്നത് ഇടയരാജാവ് എന്നാണ്. ലുഗൽബന്ദ എന്ന നാമമാണ് ഈ ഇടയരാജാവിന്. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ഈ രാജാവ് എല്ലാ രാജ്യങ്ങളെയും ഒന്നിപ്പിക്കുന്നതിൽ വിജയിച്ചു എന്നാണ് സങ്കൽപ്പം. എങ്ങനെ ഇത് സാധിച്ചു? 'സിപ' എന്ന സുമേറിയൻ വാക്കിന് 'പാലകൻ' എന്നാണർത്ഥം. ഈ രാജാവിനെ ചിത്രീകരിച്ചിരിക്കുന്നത് കുഞ്ഞാടിനെ കയ്യിലേന്തി ആട്ടിൻരോമം കൊണ്ടുള്ള തൊപ്പിയണിഞ്ഞ് നിൽക്കുന്നവനായിട്ടാണ്. രാജാവ് പാലകനാണ് - തന്നെ ഏൽപ്പിച്ചിരിക്കുന്ന പ്രജകളുടെ പാലകൻ.

എന്തുകൊണ്ടാണ് യോഹന്നാൻ സുവിശേഷകൻ യേശുവിനെ നല്ല ഇടയനായി അവതരിപ്പിക്കുന്നത്. വിശുദ്ധഗ്രന്ഥ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ഇതിനൊരു പഴയനിയമ പശ്ചാത്തലമുണ്ടെന്ന് വ്യക്തമാക്കാൻ കഴിയും. പഴയനിയമ പശ്ചാത്തലത്തിൽ ദൈവം തന്നെ ഇസ്രായേലിന്റെ ഇടയനായി പ്രത്യക്ഷപ്പെടുന്നു. പ്രത്യേകമായി ആവശ്യനേരത്ത് ആശ്വാസവും ശരണവുമർപ്പിക്കാൻ ഇസ്രായേൽ കണ്ടെത്തിയ വാക്കുമാണിത്. ഇതിന് ഏറ്റവും നല്ല മകുടോദാഹരണമാണ് 23-ാം സങ്കീർത്തനത്തിലെ 1-4 വരെയുള്ള തിരുവചനഭാഗങ്ങൾ.

"കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" (സങ്കീ. 23:1). എസെക്കിയേൽ പ്രവാചകനാണ് 'ദൈവം ഇടയനാണ്' എന്ന പ്രതീകത്തെ പൂർണ്ണമായി വികസിപ്പിച്ചെടുത്തത്. ഈ പ്രവാചകദർശനത്തെയാണ് യോഹന്നാൻ സുവിശേഷകൻ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

തന്റെ ജീവിതകാലത്ത് സ്വാർത്ഥമതികളായ ഇടയന്മാരെ കണ്ടുമടുത്ത എസെ

ക്കിയേൽ പ്രവാചകൻ അവരെ വെല്ലുവിളിക്കുകയും ശാസിക്കുകയും ചെയ്തു. എന്നിട്ട്, ദൈവം തന്നെ തന്റെ ആടുകളെ നോക്കുമെന്നും കരുതലോടെ നയിക്കുമെന്നും ഒരു വാഗ്ദാനം പ്രഖ്യാപിച്ചു. "ഇതാ, ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ച് കണ്ടുപിടിക്കും. ജനതകളുടെ ഇടയിൽ നിന്ന് ഞാനവരെ കൊണ്ടുവരും. രാജ്യങ്ങളിൽ നിന്ന് ഞാനവയെ ഒരുമിച്ചുകൂട്ടും. ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്ക് വിശ്രമസ്ഥലം നൽകും. നഷ്ടപ്പെട്ട നിന്നെ ഞാൻ അന്വേഷിക്കും. വഴിതെറ്റിപ്പോയ നിന്നെ ഞാൻ തിരികെ കൊണ്ടുവരും. മുറിവേറ്റ നിന്നെ ഞാൻ വച്ചുകെട്ടും. ബലഹീനമായ നിന്നെ ഞാൻ ശക്തിപ്പെടുത്തും. കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻ സംരക്ഷിക്കും" (എസെ. 34:1- 16).

ദൈവമായ കർത്താവിനെ ഇടയനായും തന്റെ ജനമായ ഇസ്രായേലിനെ ആടുകളായും അവതരിപ്പിക്കുന്നതു വഴി ദൈവവും എന്റെ പ്രിയപ്പെട്ട ജനവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ എസെക്കിയേൽ പ്രവാചകൻ എടുത്തുകാട്ടുന്നു. ഇടയനും ആടുകളും പരസ്പരം അറിയുന്നുവെന്നതാണ് ഇവിടുത്തെ യാഥാർത്ഥ്യം. 14,15 വാക്യങ്ങൾ ഇപ്രകാരം പറയുന്നു: "ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞൻ പിതാവിനെയും അറിയുന്നതുപോലെ, ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു."

എന്താണ് അറിവ് എന്ന് മനസ്സിലാക്കണമെങ്കിൽ രണ്ട് കാര്യങ്ങൾ നാം അറിയേണ്ടതുണ്ട്. ആദ്യമായി, അറിവും സ്വന്തമായിരിക്കുന്നതും തമ്മിൽ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഇടയൻ ആടുകളെ അറിയുന്നത് അവ അവന്റെ സ്വന്തമായതുകൊണ്ടാണ്. അതുപോലെ ആടുകൾ ഇടയനെ അറിയുന്നത് അവ അവന്റേതായിരിക്കുന്നതു കൊണ്ടും. യോഹ. 10:4-ൽ വചനം പറയുന്നു: "തനിക്ക് സ്വന്തമായിട്ടുള്ളതിനെ പുറത്തിറക്കിയിട്ട് അവൻ അവയ്ക്കു മുമ്പേ നടക്കുന്നു." ഇവിടെ ഇടയൻ ആടുകളെ കൈവശം വച്ചിരിക്കുകയല്ല. മറിച്ച്, അവ അവന്റെ സ്വന്തമാണ്. ആടുകൾ ഇടയനെ അറിയുന്നു. ഇടയൻ ആടുകളെയും. ഈ ഒരു ബന്ധമാണ് സ്വന്തമാകൽ.

സ്നേഹമുള്ളവരെ, യോഹന്നാൻ ശ്ലീഹാ കർത്താവിനെ പുതിയനിയമത്തിൽ പെസഹാക്കുഞ്ഞാടായിട്ടാണ് അവതരിപ്പിക്കുന്നത്. ഒരേസമയം അവൻ ഇടയനും ആടുമാകുന്നു. കരുതലിന്റെ പ്രതീകമാണ് ഇടയനെങ്കിൽ ജീവൻ നൽകുന്നതിന്റെ പ്രതീകമാണ് പെസഹാക്കുഞ്ഞാട്.

ശിഷ്യന്മാരുടെ കാലുകൾ കഴുകിയ ശേഷം തമ്പുരാൻ ഒരു കാര്യം തന്റെ ശിഷ്യഗണത്തോട് സൂചിപ്പിക്കുന്നുണ്ട്. "ഞാൻ ഇന്ന് നിങ്ങൾക്കൊരു മാതൃക തന്നിരിക്കുന്നു. കർത്താവിലുണ്ടായിരുന്ന ഇടയന്റെയും കുഞ്ഞാടിന്റെയും ഭാവം നമ്മുടെ ജീവിതത്തിലും പകർത്താം. ഇടയനെപ്പോലെ മറ്റുള്ളവരുടെ ജീവന്റെ കാവലാളായും കുഞ്ഞാടിനെപ്പോലെ അപരനുവേണ്ടി ജീവൻ ത്യജിക്കാനുമുള്ള കൃപയ്ക്കായിട്ടും ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം.

ഓർക്കുക, അറിവ് കൂടിയേ തീരൂ. അവനെപ്പറ്റി - അവനെപ്പറ്റി മാത്രം.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

ആമ്മേൻ.